# ശ്രീനാരായണ
# പെൻഷനേഴ്സ് കൗൺസിൽ
# (SNPC)

**(എസ്.എൻ.ഡി.പി. യോഗത്തിന്റെ**
**കേന്ദ്ര – സംസ്ഥാന സർക്കാർ/**
**അർദ്ധ സർക്കാർ പെൻഷൻ**
**വാങ്ങുന്നവരുടെ സംഘടന)**

# നിബന്ധനകളും ഉപനിബന്ധനകളും
# 2019

1. **പേര്**

ഈ സംഘടന ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) എന്ന് അറിയുന്നതും, ശ്രീനാരായണ ധർമ്മ പരിപാലന (എസ്.എൻ.ഡി.പി.) യോഗത്തിന്റെ കേന്ദ്ര സംസ്ഥാന സർക്കാർ / അർദ്ധ സർക്കാരുകളിലെ വിരമിച്ച് പെൻഷൻ വാങ്ങുന്നവരുടെ കലാ-കായിക-സാമൂഹിക-സാംസ്കാരിക സംഘടനയുമായിരിക്കും.

2. **വിലാസം**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC), എസ്.എൻ.ഡി.പി. യോഗം ഓഫീസ്, ഡോർ നമ്പർ-1, കൊല്ലം പി.ഒ., കേരള - 691 001.

3. **ഓഫീസ്**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) രണ്ടാം വകുപ്പിൽ പറഞ്ഞ വിലാസത്തിലാണ് കേന്ദ്ര ഓഫീസ് പ്രവർത്തിക്കുന്നത്. എന്നാൽ കൗൺസിൽ സംസ്ഥാന ഭരണസമിതിക്ക് യോഗം കൗൺസിലിന്റെ അനുമതിയോടെ ആവശ്യമെന്ന് തോന്നുന്നപക്ഷം കേന്ദ്ര ഓഫീസ് മാറ്റി സ്ഥാപിക്കാവുന്നതാണ്.

4. **പ്രവർത്തനപരിധി**

ഇന്ത്യയിൽ എവിടെയെല്ലാം എസ്.എൻ.ഡി.പി. യോഗത്തിന്റെ യൂണിയനുകൾ നിലവിലുണ്ടോ അവിടെയെല്ലാം ആയിരിക്കും ഇതിന്റെ പ്രവർത്തനപരിധി.

5. **അഫിലിയേഷൻ**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC), ശ്രീനാരായണ ധർമ്മപരിപാലന യോഗം, കൊല്ലം എന്ന സംഘടനയുടെ പോഷക സംഘടനയായി എസ്.എൻ. ഡി.പി. യോഗത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു.

6. **ഔദ്യോഗിക വർഷം**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസി (SNPC) ലിന്റെ ഔദ്യോഗിക വർഷം ജനുവരി 1 മുതൽ ഡിസംബർ 31 വരെയാണ്.

7. **സൂചനകൾ**

   1. പെൻഷനേഴ്സ് കൗൺസിൽ എന്നാൽ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) എന്നാകുന്നു.
   2. യോഗം എന്നാൽ ശ്രീനാരായണ ധർമ്മപരിപാലന (എസ്.എൻ.ഡി.പി.) യോഗം എന്നാകുന്നു.
   3. യൂണിയൻ എന്നാൽ എസ്.എൻ.ഡി.പി. യൂണിയൻ എന്നാകുന്നു.

8. **ശ്രീനാരായണ പെൻഷനേഴ്സ് കൗൺസി (SNPC) ലിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും**

   1. ശ്രീനാരായണ ദർശനങ്ങളും സന്ദേശങ്ങളും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
   2. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) അംഗങ്ങളായ വിരമിച്ച് പെൻഷൻ കൈപ്പറ്റുന്നവരുടെ ഭൗതികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക.

3. സമുദായത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സംഘടനാ ശക്തി ഉപയോഗിച്ച് ജാതി സംവരണത്തിലധിഷ്ഠിതമായ സാമൂഹിക നീതി നേടിയെടുക്കുന്നതിനുവേണ്ടി യുള്ള പ്രചരണപരിപാടികൾ നടപ്പിലാക്കുക.

4. സർക്കാർ സർവ്വീസുകളിലും സർക്കാർ ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗങ്ങൾക്കും ജാതി സംവരണത്തിന്റെ അടിസ്ഥാനത്തിൽ സമുദായത്തിൽ നിന്നുമുള്ള വിര മിച്ച് പെൻഷൻ കൈപ്പറ്റുന്നവരുടെ സർക്കാർ ആനുകൂല്യങ്ങൾക്കും സർവ്വതോ ന്മുഖ അഭിവൃദ്ധിക്കും വേണ്ടി എസ്.എൻ.ഡി.പി. യോഗത്തിന്റെ കഴിവുകളെ വിനിയോഗിക്കുക.

5. എസ്.എൻ.ഡി.പി. യോഗത്തിന്റെ പൂർവ്വ-വർത്തമാനകാല ചരിത്രത്തെക്കുറിച്ച് സമുദായ അംഗങ്ങൾക്കിടയിൽ പ്രചരണം / ബോധവൽക്കരണം നടത്തുക, അതി നായി വേണ്ട ഗ്രന്ഥരചനകൾ നടത്തുക.

6. വിരമിച്ച് പെൻഷൻ കൈപ്പറ്റുന്നവരുടെ സാങ്കേതികവും ആധുനികവും ഭൗതിക വുമായ അറിവുകളെ സമുദായത്തിന്റെയും സംഘടനയുടേയും പുരോഗതിക്കും വളർച്ചയ്ക്കും വേണ്ടി പരമാവധി വിനിയോഗിക്കുക.

7. വിരമിച്ച് പെൻഷൻ കൈപ്പറ്റുന്നവരുടെയും കുടുംബാംഗങ്ങളുടേയും നന്മയ്ക്കും ശ്രേയസ്സിനും ആവശ്യമായ ക്ഷേമപദ്ധതികൾ, ഇൻഷ്വറൻസുകൾ, എൻഡോ വ്മെന്റുകൾ, മക്കളുടെ വിദ്യാഭ്യാസത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്ന കരിയർ ഗൈഡൻസ് കോച്ചിംഗുകൾ തുടങ്ങിയവ നടത്തുക, മക്കളുടെ വിവാഹാലോച നകൾ സുഗമമാക്കുന്നതിന് മാട്രിമോണിയൽ സേവനങ്ങൾ നടത്തുക, ക്ഷേമനിധി, ചികിത്സാ ധനസഹായം, മരണാനന്തര സഹായം എന്നിവ ഏർപ്പെടുത്തുക, വൃദ്ധജന പരിപാലനക്ഷേമ കേന്ദ്രങ്ങൾ തുടങ്ങുകയും നടത്തുകയും ചെയ്യുക.

8. പെൻഷൻ കൈപ്പറ്റുന്നവരുടെയും സമുദായാംഗങ്ങളുടേയും മക്കൾക്ക് പ്രഫഷ ണൽ വിദ്യാഭ്യാസം, സിവിൽ സർവ്വീസ്, (ഐ.എ.എസ്., ഐ.പി.എസ്., ഐ. ആർ.എസ്. മുതലായവ) മാനേജ്മെന്റ്, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ, ആർട്ടി ഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി വിവിധ അത്യാധുനിക തൊഴിൽ മേഖലകളിൽ ജോലി ലഭിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യാഭ്യാസ പരിശീലന പദ്ധതി കൾ ആവിഷ്ക്കരിക്കുക.

9. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) അംഗങ്ങൾക്ക് പൊതു വായി നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾക്ക് നിയമപരമായും അല്ലാതെയും പരി ഹാരങ്ങൾ കണ്ട് സഹായിക്കുകയും നിയമ സഹായസെൽ രൂപീകരിക്കുകയും ചെയ്യുക. യോഗം നിയമോപദേശകനെ ഇതിന്റെയും ഉപദേശകമാകുക. ജില്ലാത ലങ്ങളിലും സൗജന്യമായി നിയമോപദേശം നൽകാൻ തയ്യാറുള്ള ശ്രീനാരായ ണീയരായ നമ്മുടെ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന അഡ്വക്കേറ്റ്മാരെ ഇതിനായി ഉപയോഗിക്കുക.

10. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) അംഗങ്ങളുടേയും കുടും ബാംഗങ്ങളുടേയും സമുദായാംഗങ്ങളുടേയും കായികവും കലാപരവും വിദ്യാ ഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തനം നട ത്തുക.

11. കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്ന് വിരമിച്ച് പെൻഷൻ കൈപ്പറ്റുന്നവരുടെ അതാത് കാലത്തുവരുന്ന നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയെപ്പറ്റി അംഗങ്ങൾക്കിടയിൽ പ്രഗത്ഭരായവരെക്കൊണ്ട് ശിൽപ്പശാലകൾ, പഠനക്ലാസ്സുകൾ തുടങ്ങിയവ നടത്തുക.

12. ജനക്ഷേമപരമായ പ്രശ്നങ്ങളിൽ പങ്കുചേരുക. മതസൗഹാർദ്ദവും ഭാരതത്തിന്റെ അഖണ്ഡതയും നിലനിർത്തുന്നതിന് വേണ്ടി പ്രവർത്തിക്കുക.

13. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ പ്രവർത്തനത്തിനുവേണ്ട സ്ഥാവര ജംഗമസ്വത്തുക്കളും ആസ്ഥികളും സമ്പാദിക്കുക, കൗൺസിലിനും അംഗങ്ങൾക്കും സാമ്പത്തിക പുരോഗതി ഉണ്ടാകുന്നതിനുവേണ്ടി ആദായകരമാകുന്ന സ്ഥാപനങ്ങളും പ്രവർത്തികളും നടത്തുക.

14. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസി (SNPC) ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് സഹായകമായ വിധത്തിൽ മുഖപത്രം, മറ്റ് പ്രസിദ്ധീകരണങ്ങൾ, ചാനലുകൾ കൈപ്പുസ്തകങ്ങൾ, സഹായകഗ്രന്ഥങ്ങൾ, ഡയറികൾ എന്നിവ യോഗം ജനറൽ സെക്രട്ടറിയുടെ നിർദ്ദേശങ്ങളോടെ പ്രസിദ്ധീകരിക്കുകയോ നടത്തുകയോ ചെയ്യുക.

15. എസ്.എൻ.ഡി.പി. യോഗത്തോട് കൂറുപുലർത്തുക, യോഗം കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്ന നയപരിപാടികളും കർമ്മപരിപാടികളും പ്രയോഗത്തിൽ വരുത്തുന്നതിന് യോഗത്തിന്റെ നിയന്ത്രണത്തിനും നിർദ്ദേശത്തിനും മേലന്വേഷണത്തിനും വിധേയമായി പ്രവർത്തിക്കുക.

**9. അംഗത്വം**

എസ്.എൻ.ഡി.പി. യോഗാംഗങ്ങളായ, എസ്.എൻ.ഡി.പി. ശാഖകളോടും യൂണിയനുകളോടും, യോഗത്തോടും കൂറും താൽപ്പര്യവുമുള്ള ഈഴവ സമുദായത്തിലെ കേന്ദ്ര സംസ്ഥാനജീവനക്കാർ, അദ്ധ്യാപകർ, സർക്കാർ-അർദ്ധ സർക്കാർ, ബാങ്ക്, ഇൻഷുറൻസ് കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ കമ്മോഡിറ്റി ബോർഡുകൾ, സഹകരണമേഖലയിലെയും അംഗൻവാടിയിലെയും എയ്ഡഡ് സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ തുടങ്ങി ശമ്പളം കൈപ്പറ്റി വിരമിച്ച് പെൻഷൻ പറ്റുന്നവർക്ക് സംഘടനയിൽ അംഗത്വത്തിന് അവകാശമുണ്ടായിരിക്കും. പ്രസ്തുത അംഗത്തിന്റെ അംഗത്വം മരണത്തോടെ സ്വമേധയാ ഇല്ലാതാകും.

**10. അംഗത്വഫീസ്**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ അംഗമായി ചേരുന്നതിന് അംഗത്വഫീസ് 100 രൂപയാണ്. അതിൽ 50 രൂപ സംസ്ഥാന കമ്മിറ്റിക്കും, 30 രൂപ യൂണിയൻ കമ്മിറ്റിക്കും, 20 രൂപ ശാഖാ കമ്മിറ്റിക്കും നൽകണം.

a) വരിസംഖ്യ : ഓരോ അംഗവും ഓരോ വർഷവും 120 രൂപ വാർഷിക വരിയായി നൽകണം. ആ തുകയിൽ 60 രൂപ സംസ്ഥാന കമ്മിറ്റിക്കും, 30 രൂപ യൂണിയൻ കമ്മിറ്റിക്കും, 20 രൂപ ശാഖാകമ്മിറ്റിക്കും 10 രൂപ യോഗം ജനറൽ സെക്രട്ടറിയുടെ ദുരിതാശ്വാസ നിധിയിലേക്കും നൽകണം.

## 11. സമിതി

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന്റെ സംസ്ഥാനസമിതിക്ക് പുറമെ ഓരോ മേഖലകൾ തിരിച്ച് ഉത്തര, മദ്ധ്യ, ദക്ഷിണ, മലനാട് / ഹൈറേഞ്ച് മേഖലകളും എസ്.എൻ.ഡി.പി. യൂണിയൻ തലത്തിൽ യൂണിയൻതല പ്രവർത്തക സമിതിയും, ശാഖാതലത്തിൽ മതിയായ വിരമിച്ചവരുണ്ടെങ്കിൽ ശാഖാതല പ്രവർത്തക സമിതിയും ഉണ്ടായിരിക്കും. ശാഖാതലത്തിൽ ഒരാളെ ഉള്ളൂ എങ്കിൽ അവർ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കും.

a) ഉത്തര, മദ്ധ്യ, ദക്ഷിണ, മലനാട് മേഖല കമ്മിറ്റികൾ സംസ്ഥാന സമിതിയുടെ നേരിട്ടുള്ള ഭരണത്തിലായിരിക്കും. 4 വൈസ്പ്രസിഡന്റുമാരായിരിക്കും മേഖലാ ഭരണത്തിന് സെക്രട്ടറിയുടെ അനുമതിയോടെ നേതൃത്വം നൽകുക. മേഖലകളിൽ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കൂടിയാണിത്.

b) യൂണിയൻ തല സമിതി അതാത് എസ്.എൻ.ഡി.പി. യൂണിയനുകൾക്ക് കീഴിലായിരിക്കും പ്രവർത്തിക്കുക.

c) ശാഖാതല സമിതി, ശാഖകളുടെ കീഴിലും പ്രവർത്തിക്കേണ്ടതാണ്. വിരമിച്ച ആറ് ജീവനക്കാർ ഇല്ലാത്ത ശാഖകളിൽ അഡ്മിനിസ്ട്രേറ്റർ / ഉള്ള വിരമിച്ച ജീവനക്കാരൻ / വിരമിച്ച ജീവനക്കാരി എന്നിവർ ചേർന്ന സമിതി ശാഖാ ഭാരവാഹികളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കും. ഏക വിരമിച്ച ജീവനക്കാരൻ / ജീവനക്കാരി ഉള്ള ശാഖയിൽ അവരായിരിക്കും പ്രതിനിധി / അഡ്മിനിസ്ട്രേറ്റർ.

d) ഭരണസമിതികളെ രണ്ടാഴ്ച്ചയിലെ അറിയിപ്പോടെ പൊതുയോഗം വിളിച്ചുകൂട്ടി തിരഞ്ഞെടുക്കേണ്ടതാണ്.

## 12. സംസ്ഥാനസമിതി

എസ്.എൻ.ഡി.പി. യൂണിയൻതല ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) പ്രതിനിധികൾ ചേർന്ന് തിരഞ്ഞെടുത്തയയ്ക്കുന്ന സമിതിയിലെ അംഗങ്ങൾ തിരഞ്ഞെടുത്തോ/ നോമിനേഷൻ വഴിയോ ഉണ്ടാക്കുന്ന ഘടകം ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) സംസ്ഥാന സമിതി എന്ന് അറിയപ്പെടും.

## 13. ഭരണസമിതി

a) രക്ഷാധികാരി : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ രക്ഷാധികാരി എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിയായിരിക്കും.

b) എസ്.എൻ.ഡി.പി. യോഗം നിർദ്ദേശിക്കുന്ന ഒരംഗം ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന്റെ കേന്ദ്രസമിതിയുടെ മേൽനോട്ടം വഹിക്കും.

c) പ്രസിഡന്റ് : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന് ഒരു സംസ്ഥാന പ്രസിഡന്റിനെ തിരഞ്ഞെടുക്കേണ്ടതാണ്.

d) വൈസ്പ്രസിഡന്റ് : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന് ആറ് വൈസ് പ്രസിഡന്റുമാർ ഉണ്ടാവേണ്ടതാണ്.

e) സെക്രട്ടറി : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന് (SNPC) ഒരു സംസ്ഥാന സമിതി സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാണ്.

f) ജോയിന്റ് സെക്രട്ടറി : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന് (SNPC) ആറ് സംസ്ഥാന സമിതി ജോയിന്റ് സെക്രട്ടറിമാർ ഉണ്ടായിരിക്കേണ്ടതാണ്.

g) ട്രഷറർ : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ ധന സമാഹാരണത്തിനും മറ്റു വരവ് ചെലവുകൾ സൂക്ഷിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ട്രഷറർ ഉണ്ടായിരിക്കും.

h) എക്സിക്യൂട്ടീവ് കമ്മിറ്റി : മേൽപ്പറഞ്ഞ ഭാരവാഹികളെക്കൂടാതെ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന് (SNPC) (a മുതൽ g വരെയുള്ളവരെ ചേർത്ത്) 40 അംഗ സംസ്ഥാന കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്. യോഗം കൗൺസിൽ നിശ്ചയിക്കുന്ന ഒരാളും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 13 (b) ഉപവകുപ്പു പ്രകാരം ഉണ്ടായിരിക്കും.

i) ജനറൽ കൗൺസിൽ : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ഫോറം യൂണിയൻതല പ്രസിഡന്റുമാരും സെക്രട്ടറിമാരും,. 13 ഉപവകുപ്പ് a), b), c), d), e), f), g) പ്രകാരമുള്ള അംഗങ്ങളും ചേർന്ന സംസ്ഥാന കമ്മിറ്റി ജനറൽ കൗൺസിൽ അംഗങ്ങളായിരിക്കും.

**14. ചുമതലകൾ**

രക്ഷാധികാരി : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ പ്രവർത്തനങ്ങൾക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, എസ്.എൻ.ഡി.പി. യോഗത്തിന്റെ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി കൗൺസിലിനെ പ്രവർത്തിപ്പിക്കുകയും നിയന്ത്രിക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്യുക. എന്തെങ്കിലും തർക്കം ഉടലെടുത്താൽ അവസാന വാക്ക് രക്ഷാധികാരിയായ എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിയുടേതായിരിക്കും.

**15. പ്രസിഡന്റ്**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) പ്രസിഡന്റിനെ സംസ്ഥാന സമിതിയുടെ വാർഷിക പൊതുയോഗം തിരഞ്ഞെടുക്കേണ്ടതാണ്.

പ്രസിഡന്റിന്റെ ചുമതലകൾ : പ്രസിഡന്റിന് താഴെപ്പറയുന്ന ചുമതലകളും അധികാരങ്ങളും ഉണ്ടായിരിക്കും.

a) വാർഷിക, വിശേഷാൽ പൊതുയോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക, സംസ്ഥാന കമ്മിറ്റി യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക.

b) സംഘടനയുടെ സംസ്ഥാന സമിതി പ്രവർത്തനങ്ങളിൽ പൊതു മേൽനോട്ടം വഹിക്കുകയും പങ്കെടുക്കാവുന്ന യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക.

c) സംസ്ഥാന, യൂണിയൻതല പരിപാടികൾ നടപ്പിലാക്കുവാൻ ആവശ്യമായ നേതൃത്വവും ഉപദേശവും നൽകുക.

d) യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക, സംഘടനയ്ക്കുവേണ്ടി പ്രമാണങ്ങളും സ്വത്തുക്കളും എഴുതുകയും വാങ്ങുകയും ചെയ്യുക.

e) യോഗങ്ങളിൽ അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളിൽ ഭൂരിപക്ഷ വോട്ടിനനുസരിച്ചും വോട്ട് തുല്യമായി വരുമ്പോൾ അദ്ധ്യക്ഷന്റെ വോട്ടിനനുസരിച്ചും തീർപ്പാ

ക്കുക.

f) സംസ്ഥാന സമിതിയോ ജനറൽ കൗൺസിലോ വിളിച്ചുകൂട്ടാൻ സെക്രട്ടറിക്ക് സാദ്ധ്യമല്ലാതെ വരുകയോ സംസ്ഥാനസമിതിക്ക് സെക്രട്ടറി ഇല്ലാതിരിക്കുകയോ ചെയ്യുന്നപക്ഷം പ്രസിഡന്റിന് യോഗം ജനറൽ സെക്രട്ടറിയുടെ അനുമതിയോടെ സംസ്ഥാന സമിതിയോ ജനറൽ കൗൺസിലോ വിളിച്ച് ചേർക്കുവാൻ അധികാരം ഉണ്ടായിരിക്കും.

g) ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ ബാങ്ക് അക്കൗണ്ട് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേരിലായിരിക്കും.

**16. വൈസ് പ്രസിഡന്റുമാർ**

6 വൈസ്പ്രസിഡന്റുമാരെ സംസ്ഥാനസമിതിയുടെ വാർഷിക പൊതുയോഗത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്. എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിക്ക് യോഗം കൗൺസിൽ തീരുമാനപ്രകാരവും നോമിനേറ്റ് ചെയ്യാം. പ്രസിഡന്റിന്റെ അഭാവത്തിൽ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക, ചുമതലപ്പെടുത്തിയ ദക്ഷിണ, മദ്ധ്യ, ഉത്തര, മലനാട് മേഖലകളുടെ പ്രവർത്തന സമിതിയുടെ മേൽനോട്ടം നിർദ്ദേശാനുസരണം വഹിക്കുക, അതാത് യൂണിയനിലെ കമ്മിറ്റിക്കാരുടെ പ്രവർത്തനത്തിൽ സഹായിക്കുക. കമ്മിറ്റി തീരുമാനിക്കുന്ന ചുമതലകൾ നിർവ്വഹിക്കുക, കൂടാതെ പ്രസിഡന്റ് രോഗമൂലം അവധിയിലായിരിക്കുകയോ സ്ഥലത്തില്ലാതിരിക്കുമ്പോൾ കൗൺസിൽ തീരുമാനപ്രകാരം പ്രസിഡന്റിന്റെ ചുമതലകൾ വഹിക്കുക തുടങ്ങിയവയാണ് വൈസ്പ്രസിഡന്റിന്റെ ചുമതലകൾ.

**17. സെക്രട്ടറി**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ സെക്രട്ടറി സംസ്ഥാന സമിതി സെക്രട്ടറിയാണ്.

a) സംഘടനയുടെ കാര്യനിർവ്വഹണ ചുമതല സംസ്ഥാന സമിതി സെക്രട്ടറിക്കായിരിക്കും.

b) പ്രസിഡന്റുമായി കൂടി ആലോചിച്ച് യോഗങ്ങളും വിശേഷാൽ പൊതുയോഗങ്ങളും ജനറൽ കൗൺസിലും വിളിച്ചു കൂട്ടുക.

c) ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ തീരുമാനം നടപ്പിലാക്കുവാൻ നിർദ്ദേശങ്ങളും നേതൃത്വവും നൽകുക.

d) റിക്കാഡുകൾ, പ്രമാണങ്ങൾ, അക്കൗണ്ടുകൾ മുതലായവ കൃത്യമായി എഴുതി വാങ്ങി സൂക്ഷിക്കുക. വാർഷിക അക്കൗണ്ടുകൾ ഒത്ത് നോക്കി ഒപ്പിട്ട് സംസ്ഥാന കമ്മിറ്റിയിൽ അവതരിപ്പിക്കുക.

e) ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) സംബന്ധിയായ എഴുത്തുകുത്തുകൾ നടത്തുക, കൗൺസിൽ വക വരവുകൾക്കും, അംഗത്വ ഫീസ് എന്നിവയ്ക്കും രസീത് കൊടുക്കുക, അംഗത്വം വിതരണം ചെയ്യുക, ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ തീരുമാനത്തിന് വിധേയമായി അംഗത്വ സർട്ടിഫിക്കറ്റിൽ ഒപ്പിടുക, അംഗത്വ രജിസ്റ്റർ എഴുതിയും കംപ്യൂട്ടറുകളിൽ സോഫ്റ്റ്‌വെയർ ഉണ്ടാക്കി അവയിലോ, ക്ലൗഡ് കമ്പ്യൂട്ടിംഗ് വഴിയോ സൂക്ഷി

ക്കുക, കൗൺസിൽ അനുവദിക്കുന്ന തുക ചെലവു ചെയ്യുക, വൗച്ചറുകൾ സൂക്ഷിക്കുക, യൂണിയൻ സമിതിയിൽ നിന്നും വരുന്ന അപേക്ഷകൾക്ക് റിമാർക്സ് എഴുതി കൗൺസിലിന്റെ സംസ്ഥാന സമിതിയിൽ വയ്ക്കുക, അപേക്ഷകൾക്ക് നിയമ-സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകുക, പെൻഷൻകാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് അതതു കാലത്തെ ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, സംഘടനയുടെ വളർച്ചയ്ക്ക് നൂതനാശയങ്ങൾ നടപ്പിലാക്കുക, യൂണിയൻതല സമിതികളുടെ ഭരണപരമായ കുഴപ്പങ്ങളും കക്ഷി മത്സരങ്ങളും മദ്ധ്യസ്ഥനായി പറഞ്ഞുതാർക്കുക, പ്രവർത്തനം നടത്തിക്കൊണ്ടുപോകാൻ പറ്റുകയില്ലെന്ന് ബോധ്യമുള്ള യൂണിയൻ സമിതികളുടെ റിക്കാഡുകൾ വാങ്ങി സൂക്ഷിക്കുക, മേൽനടപടിക്ക് രക്ഷാധികാരിയുടെ ഉപദേശം വാങ്ങുക, പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തുക, കൗൺസിൽ വ്യവഹാരങ്ങളും പ്രമാണങ്ങളും എഴുതി വാങ്ങുക, കൗൺസിൽ വക സ്വത്തുക്കളുടേയും സ്ഥാപനങ്ങളുടേയും, മുഖപത്രത്തിന്റേയും പ്രസിദ്ധീകരണങ്ങളുടേയും ചുമതല വഹിക്കുക, ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ അംഗീകരിച്ച വർഷാന്ത്യ സ്റ്റേറ്റ്മെന്റ് യോഗം ജനറൽ സെക്രട്ടറിക്ക് അയച്ചു കൊടുത്ത് അംഗീകാരം വാങ്ങുക, ഓഫീസ് സ്റ്റാഫിനെ നിയമിക്കുക എന്നിവ സെക്രട്ടറിയുടെ ചുമതലകൾ ആയിരിക്കും.

**18. ട്രഷറർ**

a) ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുക, യോഗം ജനറൽ സെക്രട്ടറിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് യഥാസമയം തുക നിക്ഷേപിക്കുക, യൂണിയൻതല കണക്കുകൾ ഓഡിറ്റ് ചെയ്യുക, വരവ്-ചെലവ് കണക്കും ബാക്കിപത്രവും സ്റ്റേറ്റ്മെന്റും (ബജറ്റ്) ഉണ്ടാക്കുക, യോഗം കൗൺസിലിന്റെ അംഗീകാരത്തിനായി ഇത് സമർപ്പിക്കുക എന്നിവയാണ് ട്രഷററുടെ ചുമതലകൾ.

b) ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ വക 5000 രൂപയിൽ കൂടുതൽ ഉള്ള സംഖ്യ അതാത് സമയത്ത് ബാങ്കിൽ നിക്ഷേപിക്കണം. 5000 രൂപ വരെയുള്ള തുകകൾ സെക്രട്ടറിയുമായി കൂടിയാലോചിച്ച് ട്രഷറർക്ക് ചെലവ് ചെയ്യാവുന്നതും, കൂടുതൽ വരുന്ന തുക ചെലവാക്കുന്നതിന് കൗൺസിലിന്റെ സംസ്ഥാന സമിതിയുടെ അംഗീകാരം നേടേണ്ടതുമാണ്.

**19. സംസ്ഥാന ഭരണ സമിതി**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന് 13 വകുപ്പിലെ എ മുതൽ ജി വരെയുള്ളവരുൾപ്പെടെ 40 പേർ അടങ്ങുന്ന സംസ്ഥാന ഭരണസമിതി ഉണ്ടായിരിക്കും. ജനറൽ കൗൺസിലിന്റെ വാർഷിക പൊതുയോഗത്തിൽ സംസ്ഥാന ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്. കൗൺസിലിന്റെ ഭരണപരമായ ചുമതലകൾ സംസ്ഥാന സമിതിയിൽ നിക്ഷിപ്തമായിരിക്കും. സംഘടനാ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുക, സ്വത്ത് സമ്പാദിക്കുക, പെൻഷൻ ആയവർക്ക് ആവശ്യമായ, ഉപകാരപ്രദമായ ശിൽപ്പശാലകൾ, സെമിനാറുകൾ, നിയമോപദേശ ക്ലാസ്സുകൾ, കലാകായിക മത്സരങ്ങൾ, പ്രചരണ പരിപാടികൾ, കാലാകാലങ്ങളിൽ സമുദാ

യത്തിനും സംഘടനയ്ക്കും പ്രതികൂലമായി വരുന്ന ഉത്തരവുകൾക്കും നടപടികൾക്കും എതിരെ പ്രക്ഷോഭം നടത്തുക എന്നിവ കൂടിയാലോചിച്ച് തീരുമാനിക്കുകയും സമുദായാംഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനും പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സമുദായംഗങ്ങളെ കൂടുതലായി എത്തിക്കുന്നതിനും കഴിവുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി അവരുടെ കഴിവുകളെ ഉപയോഗിക്കുക, തൊഴിൽ ലഭിക്കുവാൻ വേണ്ട നിയമോപദേശം നൽകുന്നതിനു വേണ്ട നിയമ സഹായ സെല്ലുകൾ രൂപീകരിക്കുക, രോഗബാധിതരായ ജീവനകാർക്ക് ഉപകാരപ്രദമായ രീതിയിൽ സൗജന്യ രോഗ പരിശാധനാ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഭീമമായ ആശുപത്രി ചെലവ് കുറയ്ക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുക, രക്തദാന ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ, അവയവദാന ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക, ആധുനിക കാലഘട്ടത്തിനനുസരിച്ച് സമുദായത്തിന്റെയും സംഘടനയുടെയും  വളർച്ചയ്ക്ക് വേണ്ടി പൊതുജനത്തിന് മാതൃകയാകും വിധത്തിൽ ചാരിറ്റി/സേവന പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ ആവിഷ്ക്കരിക്കുക എന്നീ ചുമതലകൾ സംസ്ഥാന സമിതിക്ക് ഉണ്ടായിരിക്കും.

a) സംസ്ഥാന സമിതി എല്ലാ മൂന്നു മാസത്തിലൊരിക്കലും കൂടിയിരിക്കേണ്ടതാണ്. മൂന്ന് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്ന അംഗങ്ങളുടെ ഭാരവാഹിത്വം, സ്വമേധയാ നഷ്ടപ്പെടുന്നതും പതരം അംഗത്തെ കോ-ഓപ്പറേറ്റ് ചെയ്യാവുന്നതുമാണ്. ക്വോറം മൂന്നിലൊന്നാണ്.

b) സംസ്ഥാന സമിതി സെക്രട്ടറിയുടെ നടപടി ദൂഷ്യങ്ങൾ മൂലം സെക്രട്ടറിയെ പിരിച്ചുവിടാൻ സംസ്ഥാന സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അതിന് എസ്.എൻ.ഡി.പി. യോഗം കൗൺസിലിന്റെയും, രക്ഷാധികാരിയുടേയും അനുമതി ആവശ്യമാണ്.

**20. ജനറൽ കൗൺസിൽ**

സംസ്ഥാന സമിതിയും, യൂണിയൻതല കൗൺസിൽ പ്രസിഡന്റ്മാർ, സെക്രട്ടറിമാർ ഓരോ യൂണിയൻതല സമിതിയിൽ നിന്നും സംസ്ഥാന സമിതിയിലേക്ക് തെരഞ്ഞെടുത്ത അംഗങ്ങൾ എന്നിവർ ചേർന്നതാണ് ജനറൽ കൗൺസിൽ. ജനറൽ കൗൺസിലിന്റെ അദ്ധ്യക്ഷൻ യോഗം ജനറൽ സെക്രട്ടറിയായിരിക്കും.

a) ജനറൽ കൗൺസിലാണ് ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ സംസ്ഥാന ഭരണ നിർവ്വഹണത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

b) വോട്ടവകാശമുള്ള ബോഡി ഈ ജനറൽ കൗൺസിലാണ്.

c) ഓരോ വർഷത്തെയും വരവ്-ചെലവ് കണക്കുകൾ രേഖാമൂലം ജനറൽ കൗൺസിൽ മീറ്റിംഗിൽ സമർപ്പിക്കണം.

d) ജനറൽ കൗൺസിൽ വർഷത്തിലൊരിക്കൽ പ്രസിഡന്റുമായും, ജനറൽ സെക്രട്ടറിയുമായും ചർച്ച ചെയ്ത് സെക്രട്ടറി വിളിച്ചു ചേർക്കണം.

e) ജനറൽ കൗൺസിലിൽ അംഗങ്ങളോ, സെക്രട്ടറിമാരോ അതത് യൂണിയനുകളിലെ കൗൺസിൽ പ്രവർത്തനങ്ങളെപ്പറ്റി യോഗത്തിൽ റിപ്പോർട്ട് അവതരിപ്പി

ക്കുകയും യൂണിയൻ തലത്തിലുള്ള വിരമിച്ചവരുടെ ആക്ഷേപവും അഭിപ്രായവും നടപടികളും യോഗത്തിലും യൂണിയൻ തലത്തിലും റിപ്പോർട്ട് ചെയ്യേണ്ടതും പരിഹാര നടപടികൾ കൈക്കോളേണ്ടതുമാണ്.

f) ജനറൽ കൗൺസിൽ ഡിസംബർ 15 നകം കൂടിയിരിക്കണം.

**21. വാർഷിക പൊതുയോഗം**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ ജനറൽ കൗൺസിലിന്റെ വാർഷികപൊതുയോഗം എല്ലാ വർഷവും ഡിസംബർ 15 നകം കൂടേണ്ടതാണ്.

a) വാർഷിക പൊതുയോഗത്തിന്റെ ക്വോറം ജനറൽ കൗൺസിലിലെ ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നോ അല്ലെങ്കിൽ 40 പേരോ ആയിരിക്കേണ്ടതാണ്.

b) ജനറൽ കൗൺസിലിന്റെ വാർഷിക പൊതുയോഗത്തിൽ കൗൺസിലിന്റെ തനതു സാമ്പത്തിക വർഷത്തെ (ജനുവരി-ഡിസംബർ) വരവ്- ചെലവ് കണക്കുകൾ, ബാക്കി പത്രം, ബജറ്റ് അവതരണം എന്നിവ ട്രഷററും, പ്രവർത്തനറിപ്പോർട്ട് പാസാക്കൽ, യോഗ നിർദ്ദേശങ്ങൾക്കനുസരിച്ച് കൗൺസിലിന്റെ സ്വത്തുക്കൾ സ്ഥാനപനങ്ങൾ എന്നിവയുടെ അഭിവൃദ്ധിക്കായി തീരുമാനങ്ങൾ എടുക്കൽ, എന്നിവ സെക്രട്ടറിയും അവതരിപ്പിക്കണം. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ വക സ്ഥാപനങ്ങൾ ഉണ്ടാക്കണമെങ്കിൽ അതിനാവശ്യമായ നിയമങ്ങൾ ഉണ്ടാക്കൽ തുടങ്ങിയവയാവണം അജണ്ട/കാര്യപരിപാടി, നോട്ടീസിൽ വിവരിക്കുന്ന മറ്റ് വിശേഷാൽ കാര്യങ്ങൾ ചർച്ച ചെയ്യുക, നടപ്പാക്കുക, SNPC യുടെ ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുക്കുക എന്നിവ പൊതുയോഗത്തിന്റെ ചുമതലയാണ്.

c) ജനറൽ കൗൺസിലിന്റെ വാർഷിക പൊതുയോഗത്തിന് 21 ദിവസത്തെ നോട്ടീസ് കൊടുത്തിരിക്കുകയും വാർഷിക പൊതുയോഗനോട്ടീസ് കൗൺസിലിന്റെയും യൂണിയൻ ഓഫീസിന്റെയും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുകയും വേണം. എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി നിശ്ചയിക്കുന്ന വ്യക്തിയായിരിക്കും പൊതുയോഗം ഉദ്ഘാടനം ചെയ്യുക.

**22. വിശേഷാൽ പൊതുയോഗം**

അടിയന്തിര ഘട്ടങ്ങളിൽ വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടണം. വിശേഷാൽ പൊതുയോഗത്തിന് ഏഴ് ദിവസത്തെ നോട്ടീസ് കൊടുത്തിരിക്കണം. വിശേഷാൽ പൊതുയോഗം കൂടുന്ന കാരണങ്ങൾ അംഗങ്ങളെ നോട്ടീസിൽ വിശദമായി അറിയിച്ചിരിക്കണം.

**23. ഭരണസമിതി കാലാവധി**

ഭരണസമിതി കാലാവധി മൂന്ന് വർഷമായിരിക്കും. എന്നാൽ ഏതെങ്കിലും കാരണവശാൽ ഭരണസമിതി പരാജയമെന്നുകണ്ടാൽ ഭരണസമിതിയെ പിരിച്ചുവിടാൻ യോഗം ജനറൽ സെക്രട്ടറിക്ക് അധികാരമുള്ളതും പകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് താൽക്കാലിക ചുമതല നൽകുന്നതുമാണ്. ഈ ഭരണം ആറ് മാസത്തിൽ കൂടുതൽ നീട്ടാൻ പാടില്ലാത്തതാകുന്നു.

**24. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലി (SNPC) ന്റെ ധനാഗമ മാർഗ്ഗങ്ങൾ :**

a) പ്രവേശന ഫീസും വാർഷിക വരി സംഖ്യയും.

b) മറ്റ് തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, സംഭാവനകൾ, സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന പ്രതിനിധി ഫീസ്, സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന വരവ്, ഗ്രാന്റുകൾ, പരസ്പര സഹായ നിധി, ഷെയർ, ഡിബഞ്ചറുകൾ എന്നിവയിൽ നിന്നുള്ള വരവ്.

**25. ഓഡിറ്റർ**

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) കണക്കുകൾ, ഓഡിറ്റ് ചെയ്യാൻ ഇന്റേണൽ ഓഡിറ്റർമാരെ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കേണ്ടതാണ്. ഓഡിറ്റർമാർ ഫോറം വകയുള്ള കണക്കുകളും കൗൺസിലിന്റെ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്ത് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതും ജനറൽ കൗൺസിൽ പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ട് പകർപ്പ് ജനറൽ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

**26. റിക്കാർഡുകൾ** : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) മുഴുവൻ റിക്കാർഡുകളും പ്രമാണങ്ങളും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലായിരിക്കണം.

a) സീലുകൾ, ലെറ്റർ പാഡുകൾ, രസീത് ബുക്കുകൾ, മിനിറ്റ്സ് ബുക്ക്, വൗച്ചർ ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, അംഗത്വ രജിസ്റ്ററുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഇവയുടേയെല്ലാം സോഫ്റ്റ് കോപ്പികൾ തയ്യാറാക്കി കമ്പ്യൂട്ടറിൽ സൂക്ഷിക്കണം.

b) ബാങ്ക് അക്കൗണ്ട് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേരിലും മൂന്നു പേരുടെ ഉത്തരവാദിത്വത്തിലും ആയിരിക്കണം പ്രവർത്തിപ്പിക്കേണ്ടത്. എന്തെങ്കിലും പിഴവ് ഉണ്ടായാൽ മൂവർക്കുമായിരിക്കും പ്രധാന ഉത്തരവാദിത്തം.

**27. നീക്കം ചെയ്യൽ, പുറത്താക്കൽ**

എസ്.എൻ.ഡി.പി. യോഗത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയോ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) നിയമാവലിക്കും സംസ്ഥാനസമിതി നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുകയോ അസാന്മാർഗ്ഗീത പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ കോടതി ശിക്ഷിക്കുകയോ ചെയ്ത വ്യക്തികളേയോ കമ്മിറ്റികളേയോ, കമ്മിറ്റി ഭാരവാഹികളോയോ, മുഴുവനായോ, ഒറ്റയ്ക്കോ കൗൺസിലിൽ പ്രവർത്തിക്കുന്നതിൽ നിന്ന് താൽക്കാലികമായി മാറ്റി നിർത്തുവാനോ, പുറത്താക്കുവാനോ സംസ്ഥാന സമിതിക്ക് അധികാരം ഉണ്ടായിരിക്കും. നടപടികൾ എടുക്കുന്നതിനുമുമ്പ് യൂണിയൻതല സമിതി ഭാരവാഹികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം നടപടികൾ. അപ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട അംഗം/ഭാരവാഹി/കമ്മിറ്റി എന്നിവരിൽ നിന്ന് സംസ്ഥാന സെക്രട്ടരി ആവശ്യമായ സമയം നൽകി വിശദീകരണം വാങ്ങിച്ച് തൃപ്തികരമല്ലെന്ന് കണ്ടാൽ മാത്രമേ നടപടി കൈക്കൊള്ളാവൂ.

a) ആരോപണവിധേയമായ വ്യക്തി/കമ്മിറ്റി ആരോപിതമായ കുറ്റം ചെയ്തിട്ടുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം സംസ്ഥാന അച്ചടക്ക സമിതി രൂപീകരിച്ച് ആ സമിതി യുടെ പരിഗണനയ്ക്ക് സമർപ്പിക്കണം. സംസ്ഥാന അച്ചടക്ക സമിതി ആരോപി തമായ കുറ്റങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ച് അതിന്മേൽ അന്തിമതീരുമാനം എടുക്കുന്നതിന് ഉത്തരവാദിത്വം സംസ്ഥാന സമിതിക്കും, ജനറൽ കൗൺസിലിനും ആയിരിക്കും.

b) സംഘടനയുടെ ഏതെങ്കിലും കമ്മിറ്റിയേയോ അംഗത്തേയോ കൗൺസിലിന്റെ പ്രവർത്തനം ദുർബ്ബലമാകുന്ന തലത്തിലും ഉത്തരവാദിത്വപ്പെട്ടവർക്കെതിരെ അപ കീർത്തിപ്പെടുന്ന തലത്തിലും പെരുമാറുന്നതിനായി ബോദ്ധ്യപ്പെട്ടാൽ വ്യക്തി കളെയോ, കമ്മിറ്റിയേയോ എസ്.എൻ.ഡി.പി. യൂണിയന്റെ ശുപാർശയോടുകൂടി സംഘടനാ പ്രവർത്തനത്തിൽ നിന്ന് താൽക്കാലികമായി മാറ്റി നിർത്തുവാൻ എൻ.എൻ.പി.സി. സംസ്ഥാന സമിതി സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കും. ഇതിന് യോഗം രക്ഷാധികാരിയുടേയും കൗൺസിൽ പ്രസിഡന്റിന്റേയും അനു വാദം ചോദിച്ചിരിക്കണം.

c) ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും തരത്തിലുള്ള കമ്മിറ്റികളെയോ ഭാര വാഹികളെയോ അംഗങ്ങളെയോ നീക്കം ചെയ്യുകയോ പുറത്താക്കുകയോ ചെയ്താൽ നിയമാവലിയും സംസ്ഥാന കമ്മിറ്റിയും അനുശാസിക്കുന്ന പ്രകാര മുള്ള സംവിധാനം ഉണ്ടാക്കുവാൻ കൗൺസിൽ സംസ്ഥാന സെക്രട്ടറിക്ക് അധി കാരം ഉണ്ടായിരിക്കും. കൗൺസിൽ സംസ്ഥാന സമിതി പ്രസിഡന്റുമായി കൂടി യാലോചിച്ച് ഇത്തരം കാര്യങ്ങൾക്ക് യോഗം ജനറൽ സെക്രട്ടറിയുടെ അംഗീ കാരം വാങ്ങേണ്ടതാണ്.

**28. ജനറൽ**

സംഘടനയുടെ സ്വത്തിനും ഉപകരണങ്ങൾക്കും ഭരണസമിതി അംഗങ്ങൾ ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികൾ ആയിരിക്കും. ഇവ നഷ്ടപ്പെടുത്തുകയോ കേടുവരുത്തു കയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

a) കേന്ദ്ര-സംസ്ഥാന സർക്കാർ / അർദ്ധ സർക്കാർ, ബാങ്ക് – ഇൻഷ്വറൻസ്, കമോ ഡിറ്റ് ബോർഡുകൾ, എയ്ഡഡ് സ്ഥാപനങ്ങൾ തുടങ്ങി വിവിധ സർവ്വീസുക ളിൽ നിന്ന് വിരമിച്ച പെൻഷൻ കൈപ്പറ്റുന്നവർക്ക് മാത്രമേ അംഗത്വം എടുക്കു വാൻ പാടുള്ളു. മരിച്ചാൽ അംഗത്വം ഇല്ലാതാകും.

b) കൗൺസിൽ അംഗം മരിച്ചാൽ ഉചിതമായ രീതിയിൽ ആദരാഞ്ജലികൾ അർപ്പി ക്കുകയും അനുശോചനയോഗം ചേരുകയും കുടുംബാംഗങ്ങൾക്ക് സംസ്ക്കാര ചടങ്ങുകൾക്കും മറ്റുമായി ഉചിതമായ ധനസഹായം നൽകുകയും വേണം. ഇതി നായി മരണാനന്തര ധനസഹായ ഫണ്ട് ഉണ്ടാവണം.

c) ഈ സംഘടനയുടെ സ്വത്തുക്കളോ ആദായങ്ങളോ ഉപകരണങ്ങളോ ഒരു കാലത്തും അംഗങ്ങൾക്കോ, ഭരണസമിതിക്കോ അവകാശപ്പെടുത്തുവാൻ പാടു ള്ളതല്ല.

**29.** കൗൺസിലിന് എസ്.എൻ.ഡി.പി. യോഗത്തിന് കീഴിലുള്ള യൂണിയനുകളിൽ യൂണിയൻതല സമിതിയും ശാഖാതല സമിതികളും രൂപീകരിക്കേണ്ടതാണ്.

**30. ഓഫീസ് :** യൂണിയൻതല സമിതികളുടെ ഓഫീസ് അതാത് എസ്.എൻ.ഡി.പി. യൂണിയൻതല കൗൺസിൽ ഓഫീസും ശാഖാതല സമിതിയുടെ ഓഫീസ് ശാഖ ഓഫീസും ആയിരിക്കുന്നതാണ്.

**31. അംഗത്വം**

യൂണിയന്റെ കീഴിൽ വരുന്ന അതത് കൗൺസിൽ ശാഖകളിൽ പെൻഷൻ കൈപ്പറ്റുന്നവർക്ക് അംഗത്വം എടുക്കാം.

**32. യൂണിയൻതല ഭരണ സമിതി**

പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റെ സെക്രട്ടറി, ട്രഷറർ, വൈസ്പ്രസിഡന്റ്, പതിനഞ്ച് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എസ്.എൻ.ഡി.പി. യൂണിയൻ സെക്രട്ടറി, യൂണിയൻ കൗൺസിൽ നിശ്ചയിക്കുന്ന ഒരു വ്യക്തി ഉൾപ്പെടെ 22 പേർ അടങ്ങുന്ന ഭരണ സമിതി ആയിരിക്കും. ഭരണസമിതിയുടെ ക്വോറം മൂന്നിലൊന്നാണ്.

**33.** യൂണിയൻതല എസ്.എൻ.ഡി.പി. ശാഖാ യോഗങ്ങളിൽ നിന്നും ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) അംഗത്വം എടുത്തിട്ടുള്ള ഇവരുടെ വാർഷിക പൊതുയോഗത്തിൽ നിന്നും തിരഞ്ഞെടുക്കുന്നവർ ആയിരിക്കും യൂണിയൻ തല ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) ഭരണസമിതി.

**34. ഭരണസമിതിയുടെ ചുമതലകൾ**

സംസ്ഥാന ഭരണസമിതിയുടെ ചുമതലകളിൽ എന്തൊക്കെ വിശദമാക്കിയിട്ടുണ്ടോ അതുതന്നെയാണ് യൂണിയൻ, ശാഖാ തലത്തിലെ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) ഭരണസമിതിക്കുള്ളത്.

35. യൂണിയൻ തലത്തിൽ അംഗത്വം എടുക്കുന്നവരുടെ അംഗത്വം സംസ്ഥാന കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതും അംഗത്വ നമ്പർ സംസ്ഥാന കമ്മിറ്റി അനുവദിച്ച് നൽകുന്ന മുറയ്ക്ക് അംഗത്വം നൽകേണ്ടതുണ്ട്.

36. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) യൂണിയൻ സെക്രട്ടറിക്കും ട്രഷററർക്കും കൈവശം വയ്ക്കാവുന്ന തുക 2000 രൂപയാണ്. ബാക്കി തുക കൗൺസിൽ വക ബാങ്ക് അകൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

37. യൂണിയൻ തല ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) ബാങ്ക് അക്കൗണ്ട് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേരിലായിരിക്കണം. മൂന്ന് പേർക്കും കൂട്ടുത്തരവാദിത്വമാണ് പണമിടപാടുകളിൽ.

38. അതത് കാലത്തെകണക്കുകൾ എസ്.എൻ.ഡി.പി. യോഗം യൂണിയൻ സെക്രട്ടറിമാരെ ബോധ്യപ്പെടുത്തേണ്ടതും സെക്രട്ടറിമാർക്ക് കാലാകാലങ്ങളിൽ ആവശ്യപ്പെടാവുന്നതുമാണ്.

39. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) പരിപാടികൾ എസ്.എൻ.ഡി.പി. യോഗം യൂണിയൻ സെക്രട്ടറിയുടെ അനുമതിയോടുകൂടി മാത്രമേ നടത്താവൂ.

40. യൂണിയൻ കൗൺസിലിന്റെ വരവ്-ചെലവ് കണക്കുകൾ എസ്.എൻ.ഡി.പി യൂണിയൻ സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തി സംസ്ഥാന സെക്രട്ടറിയെക്കൊണ്ട് ഓഡിറ്റ് ചെയ്യേണ്ടതും വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

41. യൂണിയൻതല ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) ഭാരവാഹികൾക്കെതിരെ നടപടിയെടുക്കുവാൻ യൂണിയൻ സെക്രട്ടറിക്ക് ശുപാർശ ചെയ്യാവുന്നതാണ്.

42. സംസ്ഥാന സമിതിയിൽ നിന്നോ, യൂണിയൻ കമ്മിറ്റിയിൽ നിന്നോ ഏതെങ്കിലും അംഗമോ കമ്മിറ്റി അംഗമോ രാജിവയ്ക്കുന്ന പക്ഷം ആ വിവരം അതാത് കമ്മിറ്റിക്ക് സമർപ്പിച്ച് വേണ്ട നടപടികൾ കൈക്കൊള്ളണം. യൂണിയൻ ഭരണസമിതി അംഗങ്ങൾ ഒന്നടങ്കം രാജിവയ്ക്കുകയാണെങ്കിൽ രാജി യൂണിയൻ സെക്രട്ടറിക്ക് കൊടുക്കേണ്ടതും, യൂണിയൻ സെക്രട്ടറി ആ വിവരം കൗൺസിലിന്റെ സംസ്ഥാന സെക്രട്ടറിയെ അറിയിക്കേണ്ടതും പകരം സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

43. അംഗങ്ങളുടെ പ്രവേശനഫീസ്, വാർഷിക വരിസംഖ്യ എന്നിവയിൽ നിശ്ചയിച്ചിരിക്കുന്ന തുക യോഗം സംസ്ഥാന സമിതിക്ക് നൽകുകയും ബാക്കി തുക യൂണിയൻ തല, ശാഖാതല കൗൺസിലിന്റെ പ്രവർത്തന ഫണ്ടിലേക്ക് ഉപയോഗിക്കാവുന്നതുമാണ്.

44. യൂണിയൻതല വാർഷികം/കമ്മിറ്റി മീറ്റിംഗുകൾ വിളിച്ചുകൂട്ടാതിരുന്നാൽ കൗൺസിൽ പ്രസിഡന്റിന് യൂണിയൻ സെക്രട്ടറിയുമായി ആലോചിച്ച് പൊതുയോഗമോ കമ്മിറ്റി യോഗമോ വിളിച്ചുകൂട്ടാവുന്നതും കൗൺസിൽ സെക്രട്ടറിക്കെതിരെ നടപടി എടുക്കാവുന്നതുമാണ്.

45. ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) ന്റെ സംസ്ഥാന സമിതിയിലേയോ, യൂണിയൻ സമിതിയിലേയോ ഒന്നോ അതിലധികമോ അംഗങ്ങൾ രാജിവച്ചാലും കോറം തികയ്ക്കുവാനുള്ള അംഗങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ബാക്കി ഉണ്ടായിരുന്നാൽ കമ്മിറ്റിയുടെ കൃത്യങ്ങൾ നിർവ്വഹിക്കുവാൻ ഈ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും. മതിയായ കാരണം കൂടാതെ മൂന്ന് കമ്മിറ്റി മീറ്റിംഗുകളിൽ ഹാജരാകാത്ത ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) അംഗങ്ങളുടെ സ്ഥാനം സ്വമേവ നഷ്ടമാകുന്നതും ആ സ്ഥാനത്തേക്ക് രാജി മൂലമോ മറ്റുപ്രകാരത്തിലോ കമ്മിറ്റി സ്ഥാനം ഒഴിവുണ്ടായാൽ ആ സ്ഥാനത്തേക്കും ജനറൽ കൗൺസിൽ നിന്നും മറ്റംഗങ്ങളിൽ നിന്നും അംഗങ്ങളെ കോ ഓപ്റ്റ് ചെയ്യുവാൻ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

46. സംസ്ഥാന സമിതിയുടേയോ, യൂണിയൻതല സമിതിയുടേയോ ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) അംഗമായ ഏതൊരാൾക്കും മൽസരിക്കാം. അങ്ങനെ മത്സരിക്കുന്നവർ ശാഖയിലോ യൂണിയനിലോ കൗൺസിലിലോ കുടിശിഖയില്ലാത്തവരും, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ച തുക ഡെപ്പോസിറ്റായി അടയ്ക്കാൻ തയ്യാറുള്ളവരുമായിരിക്കണം.

47. സുഗമമായ ഭരണ സംവിധാനത്തിനുവേണ്ടി കൗൺസിലിന് യൂണിയൻ തലത്തിലേതിന് കൂടാതെ ഓരോ യൂണിയനിലും മേഖലാ സമിതികളോ ശാഖാതല സമിതികളോ രൂപീകരിക്കാം. അതിലേക്ക് എസ്.എൻ.ഡി.പി യൂണിയന്റേയും സംസ്ഥാന സമിതിയുടേയും അംഗീകാരം ആവശ്യമാണ്.

48. ഏതെങ്കിലും കാരണവശാൽ ഈ സംഘടന പ്രവർത്തനരഹിതമായാൽ ആസ്തി ബാധ്യതകൾ ഒഴിച്ച് ബാക്കിയുള്ള സ്വത്ത് മാതൃസംഘടനയായ എസ്.എൻ.ഡി.പി. യോഗത്തിൽ മുതൽ കൂട്ടുന്നതാണ്.

49. ഈ നിബന്ധനകളുടെ വ്യാഖ്യാനത്തിലോ ഇതനുസരിച്ചുള്ള നടപടികളിലോ സംശയമോ തർക്കമോ ഉണ്ടായാൽ പരാതികൾ എസ്.എൻ.ഡി.പി. യോഗം കൗൺസിലിന്റെ അനുമതിക്കായി വിടുകയും ജനറൽ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

50. ഈ നിബന്ധനകളിൽ കാലാകാലങ്ങളിൽ യുക്തമായ മാറ്റങ്ങൾ വരുത്തുവാനും ഭേദഗതികൾ വരുത്തുവാനും എസ്.എൻ.ഡി.പി. യോഗത്തിന്റെ ബോർഡ് യോഗത്തിന് അധികാരം ഉണ്ടായിരിക്കും.

(യോഗം കൗൺസിൽ അംഗങ്ങൾക്കിടയിലും ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) അംഗങ്ങൾക്കിടയിലും വിതരണം ചെയ്യുവാനുള്ളത്.)